(ഡി) 1. ഡോ: ജയിംസ് തോമസ്
2. ഡോ: കെ.പി. ജോസഫ്
3. ഡോ: ജെ. കുസുമം
4. ഡോ: എം. ചന്ദ്രശേഖരൻ
5. ഡോ: എൻ.റി. അബ്രഹാം

പ്രൈമറി ഹെൽത്തു സെൻററിലെ രോഗികൾക്ക് ഭക്ഷണം

562 [817] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പ്രൈമറി ഹെൽത്തു സെൻററിലും രോഗികൾക്ക് ഭക്ഷണം നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) അടുക്കള സൗകര്യങ്ങളും പാചകം ചെയ്യുന്നതിനുള്ള ജോലിക്കാരും ഇല്ലാത്തത് കാരണമാണ് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഭക്ഷണം നൽകാത്തത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സാധാരണ 6 മുതൽ 12 വരെ കിടക്കകളാണുള്ളത്. രോഗികളുടെ എണ്ണം കുറവായതിനാൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കോൺട്രാക്ടർമാരെ ലഭിക്കാറില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കിടപ്പു രോഗികൾക്ക് ഇപ്പോൾ പാലും റൊട്ടിയും നൽകുന്നുണ്ട്. ഇപ്പോൾ അടുക്കള സൗകര്യം ഇല്ലാത്ത എല്ലാ കേന്ദ്രങ്ങളിലും ഈ സൗകര്യം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

എ.എൻ.എം. കോഴ്സ് പാസ്സായവരെ നേഴ്സ്മാരാക്കി നിയമിക്കാൻ നടപടി

563 [818] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വളരെകാലമായി നിലനിന്നു പോന്നതും ഇടക്കാലത്തു നിർത്തിയതുമായ എ.എൻ.എം. കോഴ്സ് പാസ്സായവരെ ഒരു ട്രെയിനിംഗ് കൊടുത്തു പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരായി നിയമിച്ചു കൊണ്ട് വിദേശരാജ്യങ്ങളിൽ ജോലിക്കുപോകുന്നവരെ റിലീവ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മാന്വൽ പാർട്ട്സ് വർക്കേഴ്സ് സ്കീം അനുസരിച്ചു ആക്സിലറി നേഴ്സ് മിഡ്വൈഫ്മാർക്ക് 6 മാസത്തെ പരിശീലനം നൽകി ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ പ്രമോഷൻ കൊടുക്കുവാൻ സാധിക്കും. ഇതു പബ്ലിക്ക് ഹെൽത്ത് ഫീൽഡ് സർവ്വീസിലേക്കാണ്. അല്ലാതെ ആശുപത്രിയിലെ നേഴ്സുമാരുടെ ഒഴിവുകളിലേക്ക് അവർ അർഹരല്ല.

LIBRARY ARCHIVES Kerala Legislative Assembly